സബ് ഇൻസ്പെക്ടർ പരിശീലനം

31 (3769) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) നിയമന ശുപാർശ ലഭിച്ചവർക്കെല്ലാം പരിശീലനം നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) തൃശ്ശൂർ ആസ്ഥാനമായി പരിശീലന കേന്ദ്രം നിലവിലുണ്ടോ ;

(ഇ) എങ്കിൽ നിയമന ശുപാർശ ലഭിച്ചവർക്കായി തൃശ്ശൂർ കേന്ദ്രത്തിൽ വച്ച് പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള ട്രെയിനിംഗ് നിലവിൽ തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ ആണ് നൽകുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തൃശ്ശൂർ ആസ്ഥാനമായി പോലീസ് അക്കാദമി നിലവിൽ വന്നിട്ടുണ്ട്. തൃശ്ശൂർ ആസ്ഥാനമായി വനിതാപോലീസ് കോസ്റ്റബിൾമാരുടെ ട്രെയിനിംഗ് നടന്നു വരുന്നു.

ഉദ്ദേശമുണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫർ ലഭിക്കുമ്പോൾ സീനിയോറിറ്റി നഷ്ടപ്പെടാതിരിക്കാൻ നടപടി

32 (3772) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെഡ് ക്വാർട്ടേഴ്സ് നിയമനം വഴി സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സ്വന്തം ജില്ലയിലേയ്ക്ക് ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ ലഭിക്കുമ്പോൾ സീനിയോറിറ്റി നഷ്ടപ്പെടുമോ ;

(ബി) സീനിയോറിറ്റി നഷ്ടപ്പെടുമെങ്കിൽ അത് പരിഹരിക്കുവാൻ നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ബി) നിലവിലുള്ള റൂളുകൾ പ്രകാരം പബ്ലിക് സർവ്വീസ് നിലവിലുള്ള ജില്ലാ ഓഫീസുകൾ മുഖേന ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഓപ്ട് ചെയ്ത ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കുമ്പോൾ പി.എസ്.സി.യുടെ അഡ്വൈസ് തീയതി മുതൽ സീനിയോറിറ്റി ലഭിക്കുന്നതിനു വ്യവസ്ഥയുണ്ട്. എന്നാൽ റൂളുകളിലെ അവ്യക്തതമൂലം ഈ ആനുകൂല്യം ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ സെക്രട്ടേറിയറ്റിൽ നിയമനം ലഭിച്ചശേഷം ഓപ്ട് ചെയ്ത ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിക്കാറില്ല. ഇത്തരം ജീവനക്കാരുടെ സീനിയോറിറ്റി നഷ്ടപ്പെടാത്ത രീതിയിൽ ബന്ധപ്പെട്ട റൂളുകളിൽ സ്പഷ്ടീകരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

33 (3773) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എത്ര ഒഴിവുകളാണുള്ളതെന്ന് വകുപ്പ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഈ ഒഴിവുകൾ അടിയന്തിരമായി പി.എസ്.എസി.ക്ക് റിപ്പോർട്ട് ചെയ്യുവാനും ആഗസ്റ്റ് 5-ന് കാലാവധി അവസാനിക്കുന്ന പത്തനംതിട്ട ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി പേർക്ക് നിയമനം നൽകുവാനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ആഗസ്റ്റ് 5-ന് കാലാവധി അവസാനിക്കുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്.

(സി) 5-8-2003-ന് കാലാവധി തീരുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ആറുമാസം കൂടി ദീർഘിപ്പിക്കാൻ പി.എസ്.സി.യോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. കമ്മീഷന്റെ തീരുമാനം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly